"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഓപ്പറേഷൻ കിച്ചടി - പത്തനംതിട്ട ജില്ല ടൗൺ ഓഫീസിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ ശ്രീ. കെ. സുരേഷ് കുമാറിനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്

**സ.ഉ.(സാധാ) നം.596/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/03/2019

പരാമർശം:- 1 വിജിലൻസ് ഡയറക്ടറുടെ 22.04.2016 ലെ ഇ3 (എസ്.സി. 44/15/ പി.ടി.എ) 11426/2018 നമ്പർ കത്ത്.

2 മുഖ്യനഗരാസൂത്രകന്റെ 16.10.2017, 01.11.2017, 24.09.2018 തിയതികളിലെ എ5/8884/17നമ്പർ കത്ത്.

## ഉത്തരവ്

ഓപ്പറേഷൻ കിച്ചടി എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടന്ന മിന്നൽ പരിശോധനയുടെ ഭാഗമായി പത്തനംതിട്ട ജില്ല ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച് 30.12.2015 തീയതിയിൽ പത്തനംതിട്ട ജില്ല ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആഫീസിൽ പത്തനംതിട്ട ജില്ലാ വിജിലൻസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഒരു മിന്നൽ പരിശോധന നടത്തുകയും ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം നൽകിയ 30 സെന്റ് സ്ഥലത്തിന്റെ ആധാരത്തിലും വില്ലേജ് റിക്കോർഡിലും സ്ഥല പരിശോധന നടത്തിയതിലും നിലമെന്ന് ബോദ്ധ്യപ്പെട്ട സ്ഥലത്തിന് നിലമാണോ കര പുരയിടമാണോ എന്നു രേഖപ്പെടുത്താതെ കെട്ടിടം നിർമ്മിക്കുന്നതിന് ലേ ഔട്ട് അപ്രൂവലിന് വേണ്ട റിപ്പോർട്ട് നൽകിയ പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ ശ്രീ.കെ. സുരേഷ് കുമാർ ഔദ്യോഗിക ജോലിയിൽ കൃത്യവിലോപം നടത്തിയിട്ടുള്ളതാണെന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആഫീസിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ ശ്രീ. കെ. സുരേഷ് കുമാറിനെതിരെ KCS (CC&A) Rules 1960 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകുകയും ടിയാന്റെ വിശദീകരണവും മുഖ്യ നഗരാസൂത്രകന്റെ അഭിപ്രായവും ലഭ്യമാക്കി സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. ടിയാന്റെ വിശദീകരണം തൃപ്തികരമല്ലായെന്ന് വിലയിരുത്തപ്പെടുകയും നിർദ്ധിഷ്ട നിർമ്മാണ സ്ഥലം സ്ഥലപരിശോധനയിൽ നിലമാണോ കരപുരയിടമാണോ എന്നു രേഖപ്പെടുത്താത്തത് ശ്രീ. സുരേഷ് കുമാറിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു.

3. വിജിലൻസ് വകുപ്പിന്റെ ശിപാർശ, കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ. സുരേഷ് കുമാർ സമർപ്പിച്ച വിശദീകരണം മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. നിർദ്ധിഷ്ട നിർമ്മാണ സ്ഥലം സ്ഥലപരിശോധനയിൽ നിലമാണോ കരപുരയിടമാണോയെന്നു രേഖപ്പെടുത്താത്തത് ശ്രീ. സുരേഷ് കുമാറിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് കണ്ടെത്തിയതിനാൽ അസിസ്റ്റന്റ് ടൗൺ പ്ലാനറായ ശ്രീ.കെ.സുരേഷ് കുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ഒരു വാർഷിക വേതന വർദ്ധനവ്. ഒരു വർഷത്തേക്കു സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

സുരേഷ് കുമാർ, അസിസ്റ്റന്റ് ടൗൺ പ്ലാനർ,

നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ